# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2494 — 19/6/2013-ൽ മറുപടിക്ക്

## കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ. സി.കൃഷ്ണൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പമന്ത്രി) |
| (എ) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ഉണ്ട്.<br>15/3/2007-ൽ നിലവിൽ വന്ന കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതിനാൽ രജിസ്ട്രേഷൻ മുതൽ ആനുകൂല്യവിതരണം വരെ കാലതാമസം കൂടാതെ നടന്നുവരുന്നു. 13/6/2013 വരെ 1,12,638 സ്ഥാപനങ്ങളിൽ നിന്നായി 5,98,533 പേർ ഈ പദ്ധതിയിൽ അംഗങ്ങളായുണ്ട്. 2013 മാർച്ച് 31 വരെ 2200 പേർക്ക് 93,30,498/- രൂപ വിവിധ ആനുകൂല്യങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്. 31/5/2013 വരെ ബോർഡിന് 46.70 കോടി രൂപ സ്ഥിരനിക്ഷേപമായുണ്ട്. കൂടാതെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്നതും, ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി രൂപീകരിച്ചതുമായ "2011-ലെ കേരള ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധി |

പദ്ധതി"യിൽ നാളിതുവരെ 1714 ക്ഷേത്രങ്ങളിൽ നിന്നായി 2373 പേരെ അംഗങ്ങളായി ചേർത്തിട്ടുണ്ട്. ഇപ്രകാരം വളരെ നല്ല രീതിയിലുള്ള പ്രവർത്തനമാണ് ബോർഡ് കാഴ്ചവയ്ക്കുന്നത്.

(ബി) കഴിഞ്ഞ രണ്ടുവർഷം അംഗങ്ങൾക്ക് ഏതെല്ലാം ഇനത്തിൽ മൊത്തം എത്ര തുക നൽകിയിട്ടുണ്ടെന്നും, ക്ഷേമനിധിയിൽ ഇപ്പോൾ എത്ര തുക നീക്കിയിരുപ്പുണ്ടെന്നും അറിയിക്കുമോ; അംഗങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കാമോ;

(ബി) 2011-12, 2012-13 വർഷങ്ങളിലായി വിദ്യാഭ്യാസ ധനസഹായം, പ്രസവ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ചെലവ്, മരണാനന്തര സഹായം, ചികിത്സാ ധനസഹായം എന്നീ ഇനങ്ങളിലായി മൊത്തം 68,01,082/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

ക്ഷേമനിധിയിൽ 31/5/2013 വരെ 46.70 കോടി രൂപ നീക്കിയിരുപ്പുണ്ട്.

അംഗങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | അംഗങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 126089 |
| കൊല്ലം | 35863 |
| പത്തനംതിട്ട | 20511 |
| ആലപ്പുഴ | 21182 |
| കോട്ടയം | 28439 |
| ഇടുക്കി | 12252 |
| എറണാകുളം | 176463 |
| തൃശ്ശൂർ | 45447 |
| പാലക്കാട് | 19210 |
| മലപ്പുറം | 28036 |
| കോഴിക്കോട് | 45015 |
| വയനാട് | 4741 |
| കണ്ണൂർ | 24939 |
| കാസർഗോഡ് | 10346 |
| **ആകെ** | **598533** |

(സി) ഒരു വർഷം മുടങ്ങാതെ വിഹിതമടയ്ക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് 12 ആഴ്ചയിലെ ശമ്പളത്തിന് തുല്യമായ തുക പ്രസവ കാല ആനുകൂല്യമായി നൽകണമെന്ന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) ഉണ്ട്.
ഒരു വർഷം മുടങ്ങാതെ വിഹിതമടയ്ക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് 12 ആഴ്ചയിലെ ശമ്പളത്തിന് തുല്യമായ തുക പ്രസവകാല ആനുകൂല്യമായി നൽകണമെന്ന വ്യവസ്ഥ "നിശ്ചിത മിനിമം വേതന നിരക്കിൽ കണക്കാക്കി പരമാവധി 5,000/- രൂപയിൽ കവിയാത്ത തുക പ്രസവാനുകൂല്യമായി നൽകേണ്ടതാണെന്ന്" 21/11/2011-ലെ സ.ഉ.(കൈ.) നമ്പർ 174/2011/തൊഴിൽ പ്രകാരം ഭേദഗതി ചെയ്തിരുന്നു. എന്നാൽ, 27/3/2012-ലെ സ.ഉ.(എം.എസ്) നമ്പർ 53/12/തൊഴിൽ വിജ്ഞാപനം പ്രകാരം 'അസംഘടിതമേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി-2012' നിലവിൽവന്ന ശേഷം ബോർഡിൽ നിന്നും നൽകിവരുന്ന പരമാവധി തുകയായ 5000/- രൂപയ്ക്ക് പുറമെ ടി പദ്ധതി പ്രകാരമുള്ള തുക കൂടി ഉൾപ്പെടുത്തി പരമാവധി 15,000/- രൂപ പ്രസവാനുകൂല്യമായി അനുവദിച്ചുവരുന്നു.

(ഡി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര സ്ത്രീ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും എത്ര തുക വീതമായിരുന്നെന്നും അറിയിക്കാമോ?

(ഡി) 2011-12, 2012-13 വർഷങ്ങളിൽ 1253 സ്ത്രീ തൊഴിലാളികൾക്കായി വിതരണം ചെയ്ത ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യം | തുക |
|---|---|
| വിദ്യാഭ്യാസ ധനസഹായം | 2,34,500/- |
| പ്രസവ ധനസഹായം | 44,15,982/- |
| വിവാഹ ധനസഹായം | 15,25,000/- |
| മരണാനന്തര ചെലവ് | 21,000/- |
| മരണാനന്തര സഹായം | 28,000/- |
| ചികിത്സാ ധനസഹായം | 10,800/- |
| **ആകെ** | **62,35,282/-** |

സെക്ഷൻ ഓഫീസർ

JSK/